നം: എഫ് 6/34069/2014.

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം,
തീയതി: 7.11.2014.

# സർക്കുലർ

വിഷയം:- ധനകാര്യവിഭാഗം - ജലസേചനവും ഭരണവും - ബിൽ സമർപ്പണം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സൂചന:-

ഈ സാമ്പത്തികവർഷം ആരംഭിച്ച 1.4.2014 മുതൽ ലെറ്റർ ഓഫ് ക്രഡിറ്റുമായി ബന്ധപ്പെട്ട എമിലി സോഫ്റ്റ്‌വേർന്റെ പരിഷ്കരിച്ച പതിപ്പ് നിലവിൽ വന്നിട്ടുള്ളതാണ്. ഇതിന്റെ നടത്തിപ്പ് സംബന്ധിച്ച നടപടിക്രമങ്ങൾ ടി സൈറ്റിൽ വളരെ വ്യക്തമായിത്തന്നെ ധനകാര്യവകുപ്പ് ലഭ്യമാക്കിയിട്ടുള്ളതാണ്. എങ്കിലും ലെറ്റർ ഓഫ് ക്രഡിറ്റ് സംബന്ധിച്ച ഓഫീസ് പ്രവർത്തനങ്ങളും സമർപ്പണവും സംബന്ധിച്ച് ഏകോപനമില്ലായ്മ നിലനിൽക്കുന്ന സാഹചര്യത്തിൽ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ സൂപ്രണ്ടിംഗ്/എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും അറിവിലേക്കായി നൽകുന്നു.

ഓരോ മാസത്തിലും ലഭിക്കുന്ന പാസാക്കിയ നബാർഡ്/13-ാം ഫിനാൻസ് കമ്മീഷൻ ബില്ലുകൾ അതാതു മാസം അവസാനതീയതിക്കു മുൻപായിത്തന്നെ എമിലി സൈറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. ടി ബില്ലുകൾ വെരിഫൈ ചെയ്ത് 14 ദിവസത്തിനകം നിശ്ചിത പ്രൊഫോർമയിൽ ഭരണവിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിരിക്കണം. ഒപ്പം തന്നെ AS, TS, ടെണ്ടർ എക്സസ്, വർക്ക് സ്ലിപ്പ്, എച്ച്.ആർ, എമിലി പ്രിന്റ് ഔട്ട് പാസ്സാക്കിയ മുൻ ബില്ലുകളുടെ തുക വിവരം, എൽ.സി. ഉത്തരവ് എന്നിവയുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുകയും അനുബന്ധ രേഖകൾ സാക്ഷ്യപ്പെടുത്തി ഉള്ളടക്കം ചെയ്യേണ്ടതുമാകുന്നു. ടി വിവരങ്ങൾ ഉൾപ്പെടുത്തിയ പ്രൊപ്പോസലിന്റെ 3 കോപ്പികൾ സമർപ്പിക്കണം. അതാതു മാസത്തെ പെൻഡിംഗ് ബിൽ രേഖകളുടെ ഹാർഡ് കോപ്പികൾ ബിൽ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് സഹിതം എല്ലാ മാസവും 15-ാം തീയതിക്ക് മുൻപായി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിരിക്കണം. ഹാർഡ് കോപ്പി സമർപ്പിച്ചതിനുശേഷം മാത്രമേ ഡിവിഷനുകളുടെ പെൻഡിംഗ് ബിൽ പാസാക്കാനായി സർക്കാരിന് സമർപ്പിക്കുകയുള്ളൂ എന്ന വിവരം അറിയിക്കുന്നു. വീഴ്ച വരുത്തുന്ന ഡിവിഷണൽ ഓഫീസുകളുടെ പേരുവിവരം ധനകാര്യവകുപ്പിലേക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

ഉള്ളടക്കം: പ്രൊഫോർമ - 2.

ചീഫ് എഞ്ചിനീയർ
ജലസേചനവും ഭരണവും

പകർപ്പ് എല്ലാ സൂപ്രണ്ടിംഗ്/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകുന്നു.

ബി.എസ്./10.11.

**PROPOSAL FOR LETTER OF CREDIT**

HEAD OF ACCOUNT 4702-00-101-86-01-00-PV

(13th FC - WATER SECTOR)

| Sl. No. | Name of work | Sl. No. in Approved Action Plan | AS No. | TS Number | Agreed PAC | RE | Revised PAC | Total value of work done | Payment already made | Bill amount | ID Number | Cheque amount | Present stage |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| | | | | | | | | | | | | | |

## List of Pending bills under the Head of Account

| Sl. No. | Name of works | Bill ID No. | RIDF Amount | AS | TS | Agreed PAC | RE | Revised PAC | Amount already paid | Bill Amount | Cheque Amount | Stage of works |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | | | | | | | |
| | | | | | | | | | | | | |